**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 672** **02-02-2023 - ൽ മറുപടിയ്ക്ക്**

**പരമ്പരാഗത ഖാദി തൊഴിലാളികളുടെ ഉന്നമനത്തിനായി സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പരമ്പരാഗത ഖാദി തൊഴിലാളികളുടെ ഉന്നമനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; | (എ) | അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിന് കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കുന്ന തരത്തിൽ റെഡിമെയ്ഡ് വാർപ്പിങ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക്ഷെഡ് പദ്ധതി, പദ്ധതി വിഹിതം ലഭ്യമാക്കി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും പഴയവയ്ക്ക് പകരം പുതിയ യന്ത്രസാമഗ്രികൾ വാങ്ങുന്നതിനും ചർക്കകളിൽ നവീകരണം എന്നിവയ്ക്കും നടപടി സ്വീകരിച്ചു വരുന്നു. യൂണിറ്റുകളുടെ നവീകരണം സംബന്ധിച്ച് പഠിക്കുന്നതിന് ബോർഡ് തല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പരമ്പരാഗത ചർക്കകളുടെയും തറികളുടെയും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് പ്രത്യേക പഠനം നടത്തുന്നതിന് ചെന്നൈ ഐ.ഐ.റ്റി.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ പല ഖാദി തൊഴിൽ കേന്ദ്രങ്ങളും കാലപ്പഴക്കം കാരണം പുതുക്കിപ്പണിയേണ്ട അവസ്ഥയിലാണ് ഉള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം തൊഴിൽ കേന്ദ്രങ്ങൾ പുതുക്കി പണിയുന്നതിനുള്ള കർമ്മ പദ്ധതി തയ്യാറാക്കി നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | ഉണ്ട്, ഖാദിബോർഡിന്റെ ഉടമസ്ഥതയിലുള്ള കാലപ്പഴക്കം ചെന്ന കെട്ടിടങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും, പുനരുദ്ധാര ണത്തിനുമായി ജില്ലാ പഞ്ചായത്തിൽ നിന്നും, എം.എൽ.എ. ഫണ്ടിൽ നിന്നും, സർക്കാരിൽ നിന്നും നൽകുന്ന പ്ലാൻഫണ്ട് തുക ഉപയോഗിച്ച് നവീകരണം നടന്നു വരുന്നു. |
| (സി) | ബാലുശ്ശേരി മണ്ഡലത്തിൽ എത്ര ഖാദി കേന്ദ്രങ്ങളാണ് നിലവിൽ പ്രവർത്തിച്ചുവരുന്നത്; ഇവയെല്ലാം സുരക്ഷിതമായ കെട്ടിടത്തിലാണോ പ്രവർത്തിച്ചുവരുന്നത്; ഇവ നവീകരിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ? | (സി) | ബാലുശ്ശേരി മണ്ഡലത്തിൽ നിലവിൽ 18 ഖാദി കേന്ദ്രങ്ങളാണ് പ്രവർത്തിച്ച് വരുന്നത്. പൂർണ്ണമായും സുരക്ഷിതമല്ല. തദ്ദേശ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച ഫണ്ട് ഉപയോഗിച്ച് നവീകരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ